"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. സിജിൻ ജയകുമാർ - ന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.15/2025/HSG തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.15/2020/ഉഭപവ, തീയതി 28.10.2020.
2. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 22.04.2025 തീയതിയിലെ KSHB-HO/287/2019-AD2(B)-Part (1) നമ്പർ നടപടിക്രമം.
3. ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകുന്നതിനായി ശ്രീ. സിജിൻ ജയകുമാർ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച അപേക്ഷ.
4. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 03.06.2025 തീയതിയിലെ KSHB-HO/287/2019-AD2(B)-Part (1) നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ശ്രീ. സിജിൻ ജയകുമാർ - ന് പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി നിയമന ഉത്തരവ് നൽകിയിരുന്നു. ശ്രീ. സിജിൻ ജയകുമാർ നിലവിൽ യൂണിവേഴ്സിറ്റി ഓഫ് ഡിട്രോയിറ്റ് മേഴ്സി, മിഷിഗൺ, യു.എസ്സ്.എ. യിൽ മാസ്റ്റർ ഓഫ് സയൻസ് ഇൻ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണെന്നും ടിയാന്റെ പഠനം പൂർത്തിയാക്കുന്നതിനായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ആറ് മാസം ദീർഘിപ്പിച്ച് നൽകണമെന്നുമുള്ള ടിയാന്റെ പരാമർശം (3) പ്രകാരമുള്ള അപേക്ഷ, പരാമർശം (4) പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അനുമതിയ്ക്കായി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. സിജിൻ ജയകുമാർ - ന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള

പ്രവേശനസമയം, നിയമന ഉത്തരവ് തീയതി മുതൽ പരമാവധി 180 ദിവസം വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
ശ്രീ. സിജിൻ ജയകുമാർ, താഴെ പ്ലാങ്കാല പുത്തൻ വീട്, ഓലത്താന്നി, നെയ്യാറ്റിൻകര പി.ഒ., തിരുവനന്തപുരം, 695 121. (കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 26-06-2025 11:17:14
സെക്ഷൻ ഓഫീസർ